ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. തൃശ്ശൂർ ഡിസ്ട്രിക്ടിലെ കായ്മാണ് ഞാൻ പറയുന്നത്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെ പഴയ എസ്റ്റിമേറനുസരിച്ചുള്ള പണികൾതന്നെയും നടത്താതെ പണം ലാപ്സായിപോകുന്നത്, തിരുവിതാംകൂറിലെ പുതിയ എസ്റ്റിമേറുകളനുസരിച്ചുള്ള പണികൾ ചെയ്തീർത്തിട്ട് കൊച്ചിയിലെകായ്യും നോക്കാൻ സമയമില്ലാതെ വരുന്നതുകൊണ്ടല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പി. ഡബ്ലിയു. ഡി. ക്കു് ബാധകമായ ചില രൂളുകളുണ്ട്. അതനുസരിച്ചാണ് ഈ പണികൾ നടത്തുന്നത്.

ശ്രീ. എം. ഐ. പോൾ: റോഡിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ളിയു. ഡി. യുടെ രൂളെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കൊല്ലത്തിൽ അനുവദിച്ചിട്ടുള്ള തുകക്കു് അക്കൊല്ലം പണി നടന്നില്ലെങ്കിൽ അനുവദിച്ചിട്ടുള്ള തുക ലാപ്സായിപ്പോകും. പിന്നെ അടുത്തകൊല്ലമായിരിക്കും ആ പണി നടത്തുന്നത്.

ശ്രീ. എം. ഐ. പോൾ: സൌജന്യമായി ഭൂമി ഉടമസ്ഥന്മാർ സ്ഥലം വിട്ടുതന്നില്ലെങ്കിൽ അവിടെ റോഡുണ്ടാക്കേണ്ട എന്നാണോ ഗവണ്മെണ്ടിന്റെ അഭിപ്രായം.

ശ്രീ. ടി. കെ. നാരായണപിള്ള: റോഡിന്റെ ആവശ്യമുണ്ടെങ്കിൽ ഭൂമി സൌജന്യമായി വിട്ടുതന്നില്ലെങ്കിലും റോഡുണ്ടാക്കും. എന്നാൽ സ്ഥലം സൌജന്യമായി വിട്ടു കിട്ടുന്നപക്ഷം പണി പെട്ടെന്നുതന്നെ ഏറെറടുത്തു നടത്താൻ സാധ്യതയുള്ളതുകൊണ്ടു് ഭൂമി സൌജന്യമായി വിട്ടുകിട്ടാൻ മാർഗ്ഗമുണ്ടോ എന്നു് അവിടത്തെ താലൂക്കു കമ്മിറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. താലൂക്കു കമ്മറ്റിയുടെ റിപ്പോർട്ടു വന്നതിനുശേഷം ഉടൻതന്നെ റോഡിന്റെ പണി ആരംഭിക്കണമെന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നത്.

ശ്രീ. എം. ഐ. പോൾ: ഭൂമിയുടമസ്ഥന്മാർ സ്ഥലം സൌജന്യമായി വിട്ടുതരാൻ ഒരുക്കമല്ലെന്നു ഗവണ്മെണ്ടു മനസ്സിലാക്കിയാൽ കൊള്ളാം. അതു മനസ്സിലാക്കിക്കൊണ്ടു് ഗവണ്മെണ്ടു റോഡുവെടാൻ ആരംഭിക്കുമോ?

Mr. Speaker: That question is dis allowed.

ശ്രീ. ഈപ്പൻ അറയ്ക്കൽ: തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം സ്ഥലം സൌജന്യമായി വിട്ടുതന്നാൽതന്നെയും റോഡുവെട്ടുന്ന കായ്യത്തിൽ ഗവണ്മെണ്ടു വളരെ അലസമായ ഒരു നയമാണു് സ്വീകരിച്ചു പോരുന്നതു് എന്നറിയാമോ?

Mr. Speaker: That is a matter of opinion.

SEA EROSION IN AZZHIKAL—COCHIN

*1048. [46] **Sri. M. I. Paul:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government have received several representations on the sea erosion in Azzikal—Cochin; and

(*b*) if so, what action has been taken so far ?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Estimates for the work has been prepared. The work will be taken up next year after providing for the same in the 1951—52 budget.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ: ഇതു സംബന്ധിച്ചുള്ള പരാതികൾ ഗവണ്മെണ്ടിന്റെ മുമ്പാകെ വന്നിട്ട് എത്ര കാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചു കാലമായി.

ശ്രീ. എം. ഐ. പോൾ: അതിനെപ്പറ്റി ഗവണ്മെണ്ടു് എന്തെങ്കിലും തീരുമാനം ചെയ്യുന്നതിനു മുമ്പു് അവിടെ ഉള്ള സ്ഥലങ്ങൾകൂടി പൊയ്നോക്കുമെന്നു ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അത്രവലിയ നാശമുണ്ടാകുമെന്നു ഗവണ്മെണ്ടു വിചാരിക്കുന്നില്ല. കുറച്ചു ദോഷമുണ്ടായേക്കാം.

ശ്രീ. എം. ഐ. പോൾ: കടലാക്രമണം നിമിത്തം കുറച്ചുനാശമെങ്കിലും ഉണ്ടാകുമെന്നു ഗവണ്മെണ്ടു സമ്മതിക്കുന്നില്ലേ? ആ നിലയ്ക്കു് എത്രയും വേഗം അതിനുള്ള പ്രതിവിധികൾ നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണു് അടുത്ത ബഡ്ജറിൽത്തന്നെ അതിനാവശ്യമുള്ള തുക കൊള്ളിക്കുവാൻ തീരുമാനിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഗവണ്മെണ്ടിന്റെ ആലോചനകളെല്ലാം കഴിഞ്ഞു വരുന്നതുവരെ കടൽ സമ്മതിക്കുകയില്ലെന്നു ഗവണ്മെണ്ടിനറിയാമോ?

മിസ്റ്റർ. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

RECRUITS TO ANDAMANS AS COIR MECHANICS

*1049. [47] **Sri. M. I. Paul:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether our Government have got any instruction from the India Government to select Coir Mechanics for developing coir industry in Andamans;

(*b*) if so, what action has been taken on that;

(*c*) whether this Government have made any selection of the Coir Mechanics in this matter;

(*d*) if so, who are they;

(*e*) what are the qualifications for a Coir Mechanic as required by the Government; and

(*f*) whether the Government know who the Coir Mechanics or experts in the village of Narakkal, are who have been trained up in Quilon-Paravur by the recommendation of the Cochin Government ?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):**

(*a*) Yes.

(*b*) Selection was arranged to be made according to the instruction received from the Government.

(*c*) Yes.

(*d*) *i.* Sri. George Philips, Nayarambalam.
ii. Sri. P. K. Krishnan Malippuram.

(*e*) A working knowledge of English or Hindi and good practical experience in Coir manufacture.

(*f*) No.

ശ്രീ. എം. ഐ. പോൾ. സെലക്ട് ചെയ്ത രണ്ടുപേരും കൊച്ചി ഗവണ്മെണ്ടിന്റെ റക്കമെൻഡേഷൻ അനുസരിച്ചു കൊല്ലം പരവൂരിൽവന്നു് കയർ വ്യവസായത്തെ സംബന്ധിച്ചുള്ള പരിശീലനം നടത്തിയവരാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly